കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അഗളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി24/1444/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 08/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഗളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഗളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഗളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി24/1444/22 തീയ്യതി: 08/07/2022

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-01-2021 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഇ. ശശിഭ്രഷൺ.	ഡെപ്യൂട്ടി ഡയറക്ടർ.	01-06-2022	09-06-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
01-06-2022	09-06-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബിജു ആന്റണി.യു, ഓഡിറ്റ് ഓഫീസർ,
ശ്രീ.എം.ശിവപ്രസാദ്, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. കെ.എ.മോഹനൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ശ്രീലക്ഷ്മി	പ്രസിഡന്റ്	01-04-2019	31-03-2020

ശ്രീകുമാർ			
അജിത്ത് കുമാർ.കെ.എസ്.	സെക്രട്ടറി	01-04-2019	12-02-2020
ലെജിത്ത് സി.കെ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-02-2020	24-03-2020
അജിത്ത് കുമാർ .കെ.എസ്.	സെക്രട്ടറി-ഇൻ-ചാർജ്ജ്	25-03-2020	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
നസീഫ് നാസർ	അസി.എഞ്ചിനീയർ	01-04-2019	11-06-2019
ബാബു വി.എം.	അസി.എഞ്ചിനീയർ	12-06-2019	29-07-2019
രാജേഷ്.കെ.ടി	അസി.എഞ്ചിനീയർ	30-07-2019	08-08-2019
മാലിനി. കെ.	അസി.എഞ്ചിനീയർ	09-08-2019	31-03-2020
ഡോ.കെ.മുത്തുസ്വാമി	വെറ്റിനറി സർജൻ	01-04-2019	03-12-2019
ഡോ.നവീൻ	വെറ്റിനറി സർജൻ	04-12-2019	31-03-2020
ഷീബ. സി.കെ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2019	20-08-2019
സീന പുതിയോട്ടിൽ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	21-08-2019	31-03-2020
ഡോ.സിന്ദുമോൾ. കെ.എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2019	31-03-2020
മുഹമ്മദ് നൈസാം.കെ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) (അലോപ്പതി)	01-04-2019	22-06-2019
ജൂഡ് ജോസ് തോംസൺ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) (അലോപ്പതി)	23-06-2019	31-03-2020
അപർണ എസ്. നായർ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2019	31-03-2020
ദീപ ജയന്	കൃഷി ഓഫീസർ	01-04-2019	31-03-2020
വാസന്തി	ഹെഡ് മിസ്ട്രസ്	01-04-2019	04-09-2019
കവിത.കെ	ഹെഡ് മിസ്ട്രസ്	05-09-2019	03-10-2019
അനിതാ. പി.നായർ	ഹെഡ് മിസ്ട്രസ്	04-10-2019	31-03-2020

എൻ.എസ്. സൗദാമിനി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	31-03-2020
ഇന്ദു. എം.കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	03-06-2019
ജയപ്രകാശ്.സി.സി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	04-06-2019	08-07-2019
ജയകുമാർ.ആർ.ജി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	09-07-2019	01-09-2019
ശാന്താമണി.ഇ.എസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	02-09-2019	28-11-2019
അനൂപ് .പി.എ.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	29-11-2019	31-03-2020

-

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Biju Antony (Audit Officer, On 07-06-2022) Last Updated By: Biju Antony (Audit Officer, On 07-06-2022)	1-1
2	വാർഷികധനകാര്യപത്രിക Written By: Biju Antony (Audit Officer, On 07-06-2022) Last Updated By: Biju Antony (Audit Officer, On 07-06-2022)	1-2
3	സാമ്പത്തിക വിശകലനം Written By: Biju Antony (Audit Officer, On 07-06-2022) Last Updated By: Biju Antony (Audit Officer, On 07-06-2022)	1-3
4	ഫണ്ട് വിനിയോഗം Written By: Biju Antony (Audit Officer, On 28-06-2022) Last Updated By: Biju Antony (Audit Officer, On 28-06-2022)	1-4
5	പദ്ധതി അവലോകനം Written By: Biju Antony (Audit Officer, On 07-06-2022) Last Updated By: Biju Antony (Audit Officer, On 07-06-2022)	1-5
6	തൊഴിലുറപ്പ് പദ്ധതി - Written By: Biju Antony (Audit Officer, On 25-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-6
7	ക്ഷേമ പദ്ധതികൾ Written By: Biju Antony (Audit Officer, On 25-06-2022) Last Updated By: Biju Antony (Audit Officer, On 25-06-2022)	1-7
8	ക്യാഷ് ബാലൻസ് പരിശോധന Written By: Mohanan K.A (Auditor, On 05-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-8
9	ആഭ്യന്തിര നിയന്ത്രണം Written By: Biju Antony (Audit Officer, On 25-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: Biju Antony (Audit Officer, On 25-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-10
11	തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല Written By: Mohanan K.A (Auditor, On 08-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-11
12	മൊബൈൽ ടവറുകളുടെ വസ്തു നികുതി കൂടിശ്ശിക ഈടാക്കിയിട്ടില്ല. Written By: Mohanan K.A (Auditor, On 08-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-12
13	ലൈസൻസ് അപാകതകൾ Written By: Mohanan K.A (Auditor, On 08-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-13
14	ഹെഡ്മിസ്ട്രസ് പദ്ധതി നിർവ്വഹണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല. Written By: Mohanan K.A (Auditor, On 10-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-14
15	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല Written By: M.sivaprasad (Asst. Audit Officer, On 16-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-15
16	നവീകരിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടം-ഫർണ്ണിച്ചർ, മീറ്റിംഗ് ഹാൾ സജ്ജീകരിക്കൽ -പ്രൊജക്ട് പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം Written By: M.sivaprasad (Asst. Audit Officer, On 16-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 16-06-2022)	1-16
17	സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല-	1-17

	ചെലവ് തുക തടസ്സപ്പെടുത്തുന്നു. Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	
18	ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ നിന്നും തെരുവു വിളക്കുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK)ൽനിന്നും നേരിട്ടു വാങ്ങിയത് ക്രമപ്രകാരമല്ല Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-18
19	സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 20-06-2022)	1-19
20	പഞ്ചായത്ത് ട്രാക്ടറിന് പുതിയ ടൈലർ വാങ്ങൽ Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 20-06-2022)	1-19-1
21	പുതിയ കമ്മ്യൂണിറ്റി ഹാളിലേക്ക് സാധനങ്ങൾ വാങ്ങൽ Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-19-2
22	ആശ്രയപദ്ധതി വിഹിതം Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 20-06-2022)	1-19-3
23	പകൽ വീട് വക്കാൻ സ്ഥലം വാങ്ങൽ Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 30-06-2022)	1-19-4
24	അന്നപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല. Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-20
25	കുടിവെള്ള വിതരണം- രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു. Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 20-06-2022)	1-21
26	കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത- നടപടികൾ സ്വീകരിക്കേണ്ടതാണ്. Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 20-06-2022)	1-22
27	പഞ്ചായത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ദിവസ വേതനക്കാരെ നിയമിക്കുന്നു. Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 20-06-2022)	1-23
28	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 20-06-2022)	1-24
29	അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- ആശ്രയ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 20-06-2022)	1-25

30	ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല Written By: M.sivaprasad (Asst. Audit Officer, On 20-06-2022) Last Updated By: M.sivaprasad (Asst. Audit Officer, On 20-06-2022)	1-26
31	നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. Written By: Biju Antony (Audit Officer, On 23-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-27
32	പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. Written By: Biju Antony (Audit Officer, On 23-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-28
33	കണക്കിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു Written By: Biju Antony (Audit Officer, On 25-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-29
34	മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല. Written By: Biju Antony (Audit Officer, On 25-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	1-30
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം Written By: Biju Antony (Audit Officer, On 28-06-2022) Last Updated By: E.Sasibhooshan (Deputy Director, On 08-07-2022)	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം Written By: Biju Antony (Audit Officer, On 28-06-2022) Last Updated By: Anish A (Computer Assistant, On 07-07-2022)	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾ Written By: Biju Antony (Audit Officer, On 26-06-2022) Last Updated By: Biju Antony (Audit Officer, On 29-06-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Biju Antony (Audit Officer, On 26-06-2022) Last Updated By: Biju Antony (Audit Officer, On 26-06-2022)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: Biju Antony (Audit Officer, On 26-06-2022) Last Updated By: Anish A (Computer Assistant, On 08-07-2022)	4-5
6	സ്ഥിര നിക്ഷേപം Written By: Biju Antony (Audit Officer, On 26-06-2022) Last Updated By: Biju Antony (Audit Officer, On 26-06-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: Biju Antony (Audit Officer, On 26-06-2022) Last Updated By: Biju Antony (Audit Officer, On 26-06-2022)	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം Written By: Biju Antony (Audit Officer, On 26-06-2022) Last Updated By: Biju Antony (Audit Officer, On 26-06-2022)	4-8

9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Biju Antony (Audit Officer, On 26-06-2022) Last Updated By: Biju Antony (Audit Officer, On 26-06-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Biju Antony (Audit Officer, On 26-06-2022) Last Updated By: Anish A (Computer Assistant, On 08-07-2022)	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ Written By: Biju Antony (Audit Officer, On 26-06-2022) Last Updated By: Biju Antony (Audit Officer, On 26-06-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

25-2-2019 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	7131471
വരവ്	178868000
ആകെ	185999471
ചെലവ്	181109697
നീക്കിബാക്കി	4889774

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31-07-2020	11-7-2020	-----	

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	23420857.57
വരവ്	291910875
ആകെ	315331732.57
ചെലവ്	280943530
നീക്കിയിരിപ്പ്	34388202.57

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	അലോട്ട്മെന്റ് /വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	-	25616965	25616965	23460348	2156617
വികസന ഫണ്ട്-എസ്.സി.പി (AFS പ്രകാരം)	-	2770018	2770018	2770018	0 *
വികസന ഫണ്ട്-ടി.എസ്. പി (ACR പ്രകാരം)	-	25893722	25893722	15989854	9903868
മെയിന്റനൻസ്, റോഡ് (ACR	-	26200000	26200000	16437419	9762581

പ്രകാരം)						
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		-	7307000	7307000	3061698	4245302
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (AFS പ്രകാരം)		-	16044554	16044554	16044554	0 *
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)	ICDS	3088873	2182321	5271194	2155078	3116116
	TSC	1200000	47850	1247850	95700	1152150

* വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) എന്നിവയുടെ വരവ് ACR ൽ രേഖപ്പെടുത്തിയിട്ടില്ല. നീക്കിബാക്കി ACR ൽ നെഗറ്റീവ് ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

സംയുക്ത ഫണ്ടുകൾ

ഫണ്ടിനം	ഒ.ബി	അലോട്ട്മെന്റ് /വരവ്	ആകെ	ചെലവ്	സി.ബി
സംയുക്ത പ്രോജക്ടുകൾ (ബ്ലോക്ക് പഞ്ചായത്ത്)	5301201	10066505	15367706	3719700	11648006
	0	1300000	1300000	800000	500000
സംയുക്ത പ്രോജക്ടുകൾ (ജില്ലാ പഞ്ചായത്ത്)	3382895	16910724	20293619	6960000	13333619

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
352	204	459111505	184089638	-	148	57.9

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	5	0	485000	0	0
ഐ.സി.ഡി.എസ് സൂപ്പർവൈസർ	7	5	9374600	5645089	60

സെക്രട്ടറി	51	31	34962013	25808789	73.8
ഹെഡ്മാസ്റ്റർ	6	4	2922100	2109878	72
അസിസ്റ്റന്റ് എഞ്ചിനിയർ	234	126	114758023	49109218	42.7
അസി. സെക്രട്ടറി	10	6	3985789	1230194	30.8
മെഡിക്കൽ ഓഫീസർ-CHC	5	5	853395	824108	96.5
വി.ഇ.ഒ	20	14	282334773	96156550	34
മെഡിക്കൽ ഓഫീസർ-ആയൂർവേദം	1	1	650000	650000	100
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	250000	250000	100
വെറ്ററിനറി സർജ്ജൻ	11	10	8440000	2210000	26
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	95812	95812	100
ആകെ	352	204	459111505	184089638	40

1-6 തൊഴിലുറപ്പ് പദ്ധതി -

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	2156	4067533	4069689	4066306	3383
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്		137957000	137957000	137957000	
ആകെ	2156	142024533	142026689	142023306	3383

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	11760	8
കർഷകതൊഴിലാളി പെൻഷൻ	760800	132
വിധവാപെൻഷൻ	9970800	1787
വാർദ്ധക്യകാലപെൻഷൻ	15897300	2902
വികലാംഗപെൻഷൻ	228900	431
50വയസിന് മുകളിൽ പ്രായമുള്ള	135600	25

അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ		
പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം	0	0

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-06-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14324/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തിര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രെഷറി കോഡ് വാള്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2019-20, 2020-21 വർഷങ്ങളിലെ സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ പലതിലും സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ ചില മാസങ്ങളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല. കൂടാതെ മാസാന്ത്യ റീകൺസിലിയേഷനും നടക്കുന്നില്ല.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്വെയറിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നത്.

2019-20, 2020-21 ലും മറ്റ നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം

വേണ്ടുന്ന രേഖകൾ (അബസ്ട്രാക്ട് എസ്റ്റിമേറ്റ്, സെക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	29-4-22 മുതൽ 30-4-22 വരെ	3/2022	ലഭ്യമായിട്ടില്ല.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19-4-14 മുതൽ 6-5-2014 വരെ	2009-10 മുതൽ 2013-14 വരെ	16-6-2014

1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	കരാറുകാരന്റെ പേര് (AE യുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം)
1	കെ. സോമൻ
2	ആർ. മൂർത്തി
3	എ. അരവിദ്ധാക്ഷൻ
4	ജമാർദ്ദനൻ. വി.
5	പ്രതീഷ്. ആർ.
6	മുസ്തഫ. ടി.കെ.
7	എൻ.കെ. രഘൂത്തമൻ
8	ഇ.കെ. അബ്ദുൾസലാം
9	ഷിജി. ടി.
10	മുരുകേസൻ. എം.
11	പി.ജി. ബാബു
12	ശെന്തിൽകുമാർ
13	ജംഷീർ
14	മുഹമ്മദ് നിഷാദ്. എം.

15	നേസാമണി.
16	മാത്യു. ടി.എസ്.
17	അരുൺമോഹനൻ
18	ഷമീറലി
19	സൈതലവി
20	സുലൈമാൻ. എം.കെ.
21	അരവിന്ദൻ. എ.
22	നാഗരാജൻ. എ.എൻ.
23	ജെമി ബെന്നി
24	ഖാലിദ്. സി.
25	സിബി ആന്റണി
26	വി.സി. മാത്യു
27	ടോം ജോസഫ്
28	ഹംസ. കെ.കെ. കർക്കിടൻ
29	കനകരാജ്
30	ബെന്നി നർക്കി
31	പി.ജി. ബാബു
32	കെ.ഡി.ഗിരിദാസ്
33	ടി.എസ്. സോമൻ
34	സംജിത്ത്ഖാൻ
35	മോഹൻദാസ്. കെ.വി.
36	ബി. രാജേന്ദ്രൻ
37	കെ. ശശികുമാർ
38	പി.ജെ.മാത്തച്ചൻ
39	ലക്ഷ്മണൻ. സി.
40	അർജുൻ സോമൻ. സി.
41	റിയാസ് മോൻ
42	ജിജി. പി. മാഞ്ഞൂരാൻ
43	ബിജു സെബാസ്റ്റ്യൻ
44	വിഷ്ണു പ്രസാദ്
45	ഇ.കെ. അബ്ദുസലാം.

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം	കാലയളവ്
1	കാനറാ ബാങ്ക് മുക്കാലി	ഒന്നും രണ്ടും അർദ്ധവർഷം
2	എസ്.ബി.ഐ. അഗളി	ഒന്നും രണ്ടും അർദ്ധവർഷം

3	പാലക്കാട് ജില്ലാ കോ. ഓപ്പറേറ്റീവ് ബാങ്ക്, അഗളി	ഒന്നും രണ്ടും അർദ്ധവർഷം

(സി) റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.
തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം : 11/06-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	കെട്ടിട നമ്പർ	മൊബൈൽ ടവർ	കാലയളവ്
1	7/578	റിലയൻസ് ടെലികോം ടവർ	2013-14 മുതൽ 2020-2021 വരെ
2	10/1164	ഇൻഡസ് ടവേഴ്സ്	2009-10 മുതൽ 2020-21 വരെ
3	15/36	ഐഡിയ സെല്ലുലാർ മൊബൈൽ Ltd.	2019-20 (1st & 11nd Half) 2020-21 (1st Half)
4	15/187	ഐഡിയ സെല്ലുലാർ മൊബൈൽ Ltd.	2019-20 (11nd Half) 2020-21 (11nd Half)
5	18/481	റിലയൻസ് ടവർ	2013-14 മുതൽ 2020-21 വരെ)
6	20/192	ടെലിഫോൺ എക്സ്ചേഞ്ച്	2013-14 മുതൽ 2020-21 വരെ
7	20/337	വാറങ്കത്ത് ടവേഴ്സ്	2020-21 (11nd Half)

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം : 12/06-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 ലൈസൻസ് അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

ബി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 2575 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നം.	ഇനം		എണ്ണം
I	1	വാണിജ്യാവശ്യം 100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ	1686
	2	100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ	89
	3	200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ	1
	4	200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ	16
II	1	ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ	73
	2	ആഫീസ് ആവശ്യത്തിനുള്ളവ	137
III	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ്		218
IV	1	വ്യവസായം ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല്	41

	2	ഇതര വ്യവസായം	184
		സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ	16
	3	റിസോർട്ടുകൾ	77
		വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ്	6
		മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്ട്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ	1

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 480എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

സി. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഡി. കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയർക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

(ഇ) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ആവശ്യമാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്) എ-9-764/2019 തിയതി. 22-01-2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം : 13/06-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 ഹെഡ്മിസ്ട്രസ് പദ്ധതി നിർവ്വഹണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ഹെഡ്മിസ്ട്രസ് ഗവ: എൽ.പി.സ്കൂൾ , അഗളി പദ്ധതി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയുടെ ചെലവ് രേഖകൾ, ക്യാഷ് ബുക്ക്, വിതരണ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട്ട് നമ്പർ	പ്രൊജക്ടിന്റെ പേര്	അടങ്കൽ	ചെലവ്	നിർവ്വഹണ ഉദ്യോഗസ്ഥയുടെ പേരും, ഔദ്യോഗിക മേൽ വിലാസവും	സ്ഥിര മേൽ വിലാസം
369/19-20(New)	എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് കുട	660000 (പൊതു വിഭാഗം) 89100 (തനത് ഫണ്ട്)	659958	അനിത .പി.നായർഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. അഗളി (04-10-19-30-03-20)	ഏലംകുളം, പാലത്തോൾ പി.ഒ. 679 340
ആകെ		749100	659958		

ചെലവ് രേഖകൾ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 8/04-06-2022 ന് മറുപടി

ലഭ്യമാക്കിയിട്ടില്ല. ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 659958/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-15 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന തുക കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ സെക്ഷൻ, അഗളിയിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേര്	അടങ്കൽ	ചെക്ക് നമ്പർ /തിയതി	തുക
260/20 ഗ്ലിക്കടവിൽ രാമകൃഷ്ണൻ പ്രദേശം 11 കെ.വി. ലൈൻ മാറ്റൽ	70000 തനതു ഫണ്ട്	1849127/30.07.2019	69981

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (19/7.6.22) വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

1-16 നവീകരിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടം-ഫർണ്ണിച്ചർ, മീറ്റിംഗ് ഹാൾ സജ്ജീകരിക്കൽ -പ്രൊജക്ട് പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം

നവീകരിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടം-ഫർണ്ണിച്ചർ, മീറ്റിംഗ് ഹാൾ സജ്ജീകരിക്കൽ എന്ന പ്രൊജക്ട് സെക്രട്ടറി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	പ്രൊജക്ട്	അടങ്കൽ	ചെലവ്	ബിൽ നമ്പർ /തീയ്യതി
253/20	നവീകരിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടം-ഫർണ്ണിച്ചർ, മീറ്റിംഗ് ഹാൾ സജ്ജീകരിക്കൽ	600000 (435932-Plan Gen, 164068-തനത് ഫണ്ട്)	594951 ((435932-Plan Gen, 159019-തനത് ഫണ്ട്)	7/17.8.19

നിർവ്വഹണ രീതി

റേറ്റ് കോൺടാക്ട് ഉള്ള സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ / ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് - അക്രഡിറ്റഡ് ഏജൻസി സിഡ്കോയിൽ നിന്ന് വാങ്ങുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണം

SIDCO മാർക്കെറ്റിംഗ് സെന്റർ പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധന സമാഹരണം നടത്തിയിട്ടുള്ളത്.

സിഡ്കോയുടെ ഇൻവോയ്സ് നമ്പർ PKD/18-19/310 Dt 27.2.19 പ്രകാരം താഴെ പറയുന്ന ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

Item	Unit Price	Quantity	Gross Value
Lshaped Executive Table 180*90*75	19698	12	236376.00
Teak Wood Cushion Chair	9565	28	267820.00
SGST			45337.64
CGST			45377.64
TOTAL			594951.00

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ റേറ്റ് കോൺട്രാക്ട് കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 10.04.2019 ലെ സ.ഉ(പി) നം. 6/19/എസ്.പി.ഡി, 26.08.2019 ലെ സ.ഉ(പി) നം. 12/19/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുമുണ്ട് എന്നാൽ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിച്ചിട്ടും റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സമാഹരിക്കുകയും ചെയ്ത നടപടി പ്രസ്തുത സർക്കാർ ഉത്തരവുകളുടെയും പ്രൊക്യൂർമെന്റ് മാർഗരേഖയുടെയും ലംഘനമാണ്.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

3) പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
പ്രസ്തുത പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ വേളയിൽ മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/7.06.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 594951 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-17 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ	പ്രൊജക്ട്	അടങ്കൽ	ചെലവ്	ബിൽ നമ്പർ
376	വിവിധ വാർഡുകളിൽ മിനിമാസ്റ്റ് LED ലൈറ്റ് സ്ഥാപിക്കൽ	720000 (CFC ഗ്രാന്റ്)	349132	33/20.1.20

377	എസ്.ടി ഊരുകളിൽ മിനിമാസ്റ്റ് LED ലൈറ്റ് സ്ഥാപിക്കൽ	720000 (CFC ഗ്രാന്റ്)	349132	32/20.1.20
199	അഗളി പഞ്ചായത്തിൽ വിവിധ ജംഗ്ഷനുകളിൽ മിനി ഹൈമാസ്റ്റ് സ്ഥാപിക്കൽ	1800000 (CFC ഗ്രാന്റ്)	1047396	34/20.1.20- Rs 349132
				35/20.1.20 349132
				37/20.1.20 349132
196	CDS ഓഫീസിലേക്കും കമ്മ്യൂണിറ്റി കൗൺസലിംഗ് സെന്ററിലേക്കും ഫർണ്ണിച്ചർ വാങ്ങൽ	50000 (MF-NR)	47731	38/5.3.20
252	ഹരിതകർമ്മസേന പ്രവർത്തനം	250000 (Plan-Gen)	250000	2/3.7.19
187	കക്കുപടി സ്കൂളിന് സ്ഥലം വാങ്ങൽ	3300000 (Plan Gen-25000, Own-2475000, BP-800000)	1800000 (Own-1000000 BP-800000)	
375	വീട് വക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങി നൽകൽ (TSP)	1000000 (Plan TSP)	800000	4/6.7.19
			200000	29/20.1.20
233	ബഡ്സ് സ്കൂൾ കറന്റ് കണക്ഷൻ	100000 (CFC)	92400	3/6.7.19
200	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (ജനറൽ)	3045000(Plan Gen-2387020, Own-657980)	2387020(Plan Gen	11/5.9.19-477404
				15/20.9.19-477404
				16/20.9.19-477404
				17/20.9.19-477404
				25/19.10.19-477404
390	ഹരിതകർമ്മസേന പ്രവർത്തനം	660000(Plan Gen-572000, CFC-88000)	230000	27/19.10.19
			342000	28/6.1.20
			88000	36/6.1.20
TOTAL			7982811	

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം. 16/7.06.2022 നൽകിയെങ്കിലും മറുപടിനൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ആകെ 7982811/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ നിന്നും തെരുവു വിളക്കുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK)ൽനിന്നും നേരിട്ടു വാങ്ങിയത് ക്രമപ്രകാരമല്ല

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എൽ.ഇ.ഡി തെരുവു വിളക്ക് സ്ഥാപിക്കൽ എന്ന പ്രൊജക്ട്, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രൊജക്ട്	അടങ്കൽ	ചെലവ്	ബിൽ നമ്പർ	തുക
പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ-54)	1334000(CFC)	784000	30/20.1.20	459000
			31/20.1.20	325000

25 W ന്റെ 172 LED സ്ട്രീറ്റ് ലൈറ്റും 45 W ന്റെ 50 സ്ട്രീറ്റ് ലൈറ്റും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) അത്താണി, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. ഭരണസമിതിയുടെ 3.8.19 ലെ 1/2 തീരുമാനപ്രകാരം തെരുവ് വിളക്കുകൾ സിൽക്കിൽ നിന്നും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

അക്രഡിറ്റഡ് ഏജൻസികളുടെ 04-07-2019ലെ G.O.(P)നം.77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 34 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാകേണ്ടതാണ്. PMC സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. തേർഡ് പാർട്ടിക്കാണ് പഞ്ചായത്ത് തുക നൽകേണ്ടത്.

സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും ലൈറ്റുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയത്. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിൽ സി.എഫ്.എൽ ബൾബുകൾ മാറ്റി എൽ.ഇ.ഡി ആക്കണം എന്ന നിർദ്ദേശമല്ലാതെ ,പ്രോജക്ടിന്റെ കൃത്യത ചർച്ച ചെയ്തിട്ടുമില്ല. പ്രോജക്ടിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. നിർവ്വഹണം നടത്തുന്നതിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്ടിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

സപ്ലൈ ചെയ്തതിന്റെ വിവരം

ലഭ്യമാക്കിയ ബിൽ പ്രകാരം SILK ൽ നിന്നും നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത് എന്നാണ് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്.

ടെണ്ടർ ക്ഷണിക്കാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

എഗ്രിമെന്റ്

സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചതിന്റെ രേഖകൾ ലഭ്യമല്ല. അഗ്രിമെന്റ് രജിസ്റ്റർ ലഭ്യമല്ല.

ജി.ഒ(പി)നം.7/2019/എസ്.പി.ഡി 26-4-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ.19.3 ൽ ഭേദഗിത വരുത്തുകയും 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള, GeM ലഭ്യമായ സാധനങ്ങളുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E-Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്,എന്നാൽ ആയത് പരിശോധിച്ചിട്ടില്ല.
സ.ഉ.(സാധാ) നം.1978/2020/ത.സ്വ.ഭ.വ തീയതി.21.10.2020 ലെ ഉത്തരവിൽ സ.ഉ.(പി) നം.95/2017 /ധന.തീയതി 25.07.2017 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളും കർശനമായും പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

താഴെ പറയുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകൃയറി നൽകി (നം.27/8.6.2022)

1) ടെണ്ടർ നടപടികൾ പാലിക്കാതെ SILK ൽ നിന്നും നേരിട്ട് ലാമ്പുകൾ വാങ്ങുവാനുണ്ടായ കാരണം

2) ടെണ്ടർ നടപടികൾ ക്ഷണിക്കാതെ തെരുവു വിളക്കുകൾ SILK ൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

3)സിൽക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) എല്ലായിടത്തും ഒരേ ഊർജ്ജ ക്ഷമതയുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിന് മുൻപ് സാധ്യതാ പഠനം നടത്തിയതിന്റെ വിവരങ്ങൾ.

5) തെരുവു വിളക്കുകൾ SILK ഉല്പാദിപ്പിക്കുന്നവയാണെന്ന സാക്ഷ്യപത്രം ഇല്ല.

6) SILK സമർപ്പിച്ച നിരക്ക്, മാർക്കറ്റ് നിരക്കുമായി ഒത്തു പോകുന്നതാണോ എന്ന് പരിശോധിക്കുകയോ, നെഗോഷിയേഷൻ നടത്തുകയോ ചെയ്തതായി കാണുന്നില്ല.

7) പഴയ സാമഗ്രികൾ പഞ്ചായത്തിൽ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടില്ല. പഴയ സാമഗ്രികൾ കയ്മോഴിച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.
8)തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് KSEB യുടെ സാക്ഷ്യപത്രം ഇല്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക്

രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.

അക്രഡിറ്റഡ് ഏജൻസികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും, തെരുവു വിളക്കുകൾ SILK ഉല്പാദിപ്പിക്കുന്നവയാണെന്ന സാക്ഷ്യപത്രം ഇല്ലാത്തതിനാലും , ടെണ്ടർ നടപടികൾ കൂടാതെ തെരുവു വിളക്കുകൾ SILK ൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമല്ലാത്തതിനാലും ചെലവ് തുക 784000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സിൽക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. പി.എം.സി യും കരാറുകാരനും തമ്മിലുള്ള എഗ്രിമെന്റിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

2. വാങ്ങലുകളിൽ സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

3. അർഹതയില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നത് ഒഴിവാക്കേണ്ടതാണ്.

4. ജി.ഒ(പി)നം.7/2019/എസ്.പി.ഡി 26-4-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ.19.3 ൽ ഭേദഗിത വരുത്തുകയും 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള, GeM ലഭ്യമായ സാധനങ്ങളുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E-Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിലഭ്യമാക്കിയില്ല. ആകയാൽ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 2449350 (248980+410370+800000+990000) രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-19-1 പഞ്ചായത്ത് ട്രാക്ടറിന് പുതിയ ടൈലർ വാങ്ങൽ

പ്രൊജക്ട് നമ്പർ	371/20
അടങ്കൽ	250000 (തനത് ഫണ്ട്)
ചെലവ്	248980
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (18/7.6.22) നൽകിയിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കിയില്ല.

1) തനത് ഫണ്ടിൽ നിന്നും തുക നൽകിയതിന്റെ രേഖകൾ

2) ടൈലർ ലഭ്യമായത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ

3) ടൈലർ നൽകിയവരുമായി കരാർ ഏർപ്പെട്ടതിന്റെയും ഇപ്പോൾ ഉപയോഗിക്കുന്നതിന്റെയും രേഖകൾ

1-19-2 പുതിയ കമ്മ്യൂണിറ്റി ഹാളിലേക്ക് സാധനങ്ങൾ വാങ്ങൽ

പ്രൊജക്ട്	പ്രൊജക്ട്	അടങ്കൽ	ചെലവ്	ചെക്ക് നമ്പർ

നമ്പർ				/തീയ്യതി
262/20	പുതിയ കമ്മ്യൂണിറ്റി ഹാളിലേക്ക് വാഷ് ബേസിൻ, ഫ്ലോർ മാറ്റ് വാങ്ങൽ	200000	191070	1849515/2.7.19
263/20	പുതിയ കമ്മ്യൂണിറ്റി ഹാളിലേക്ക് നെയിം ബോർഡ്, സ്റ്റേജ് ഫ്രെയിം വാങ്ങൽ	250000	219300	1849514/2.7.19
ആകെ ചെലവ്			410370	

മേൽ പറഞ്ഞ പ്രവൃത്തികളുടെ വർക്ക് ബിൽ, എസ്റ്റിമേറ്റ്, ചെയ്തതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (20/7.6.22) നൽകിയെങ്കിലും ഹാജരാക്കിയില്ല.

1-19-3 ആശ്രയപദ്ധതി വിഹിതം

പ്രൊജക്ട് നമ്പർ	പ്രൊജക്ട്	അടങ്കൽ	ചെലവ്	ബിൽ നമ്പർ /തീയ്യതി	അക്കൗണ്ട് നമ്പർ
53/20	കുടുംബശ്രീ സംഘങ്ങൾക്ക് തുണിസഞ്ചി നിർമ്മാണത്തിന് സഹായം	300000	300000	13/24.8.19	0849101009026
189/20	ആശ്രയപദ്ധതി വിഹിതം	500000	500000	12/24.8.19	0849101020439
ആകെ ചെലവ്			800000		

രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (21/7.6.22) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.

1-19-4 പകൽ വീട് വക്കാൻ സ്ഥലം വാങ്ങൽ

പ്രൊജക്ട് നമ്പർ	232
അടങ്കൽ	1000000
ചെലവ്	990000
ബിൽ നമ്പർ	1/7.5.19

പ്രസ്തുത പ്രൊജക്ടിന് 990000 രൂപ ശ്രീ സോമശേഖരൻ നായർ S/o വേലായുധൻ നായർ, തോട്ടടിയിൽ ഹൗസ്,അഗളി എന്നവരുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 30249246880) ട്രാൻസ്ഫർ ക്രഡിറ്റ്

ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (22/7.6.22) നൽകിയിരുന്നുവെങ്കിലും ഹാജരാക്കിയില്ല.

1) സ്ഥലം പഞ്ചായത്തിന് കൈമായിയതിന്റെ രേഖകൾ

2) സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ

3) വാങ്ങിയ സ്ഥലം പ്രത്യേക അതിർ തിരിച്ച് സംരക്ഷിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ

1-20 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി എന്ന പേരിൽ താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്
ഐ.സി.ഡി.എസ് സൂപ്പർവൈസർ	17	അന്ന പൂരക പോഷകാഹാരം(ജനറൽ)	3300000 (Plan-Gen-800000, Central-2500000)	1246536 (Plan-Gen-429986, Central-816550)
	13	അന്ന പൂരക പോഷകാഹാരം(TSP)	3500000(Plan-TSP)	3498385(Plan-TSP)
	14	അന്ന പൂരക പോഷകാഹാരം(SCP)	503000(Plan-SCP)	494868(Plan-SCP)

ജി.എസ്.ടി കൗൺസിൽ തീരുമാനം നം-28, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ), എസ്.സി.പി,ടി എസ് പി എന്നീ പ്രോജക്ടുകൾ പ്രകാരം തേജസ് അമൃതം ഫുഡ്സ്, താവളം, അഗളി എന്ന സ്ഥാപനവുമായി നടത്തിയ ഇടപാടുകളിൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാതിരുന്നതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/ 8-6-22) ഈടാക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.ഭാവിയിൽ സ്രോതസിൽനിന്നും നികുതി കിഴിവ് നടത്തി മാത്രം ബിൽ തുക അനുവദിക്കേണ്ടതാണ്.

1-21 കുടിവെള്ള വിതരണം- രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ.(സാധാ)നം 500/2019/ത.സ്വ.ഭ.വ.തി. 2.3.19 ഉത്തരവുപ്രകാരം സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും, കോർപ്പറേഷനുകൾക്കും പ്രസ്തുത ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്ത പട്ടികയിൽ നിഷ്കർഷിച്ച പരമാവധി തുകയിൽ അധികരിക്കത്തക്ക രീതിയിലുള്ള കുടിവെള്ള പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും പാടില്ല എന്ന വ്യവസ്ഥയോടുകൂടി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യത്തിന് അനുസൃതമായി കുടിവെള്ള വിതരണം നടത്തുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽനിന്നും തുക ചെലവഴിക്കാൻ യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 1.4.19 മുതൽ 31.5.19 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 11 ലക്ഷമാണ്.

ഗ്രാമപഞ്ചായത്തു പരിധിയിൽ 2019-20 ൽ കുടിവെള്ളവിതരണം നടത്തിയതിന് ശ്രീ.അശോകൻ.കെ, കരിപ്പോട്ടിൽ വീട്, വാടാനംകുർശ്ശി എന്നവർക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമനമ്പർ	വൗച്ചർ നമ്പർ തിയ്യതി	തുക	റിമാർക്സ്
1	21900100 തി 25.5.19	925214	ബിൽ രജിസ്റ്റർ പ്രകാരം തുക നൽകിയിട്ടുണ്ട്. വൗച്ചർ ഹാജരാക്കിയിട്ടില്ല.
2	21900164 തി 30.5.19	970596	ബിൽ രജിസ്റ്റർ പ്രകാരം തുക നൽകിയിട്ടുണ്ട്. വൗച്ചർ ഹാജരാക്കിയിട്ടില്ല.
3	21900238 തി.19.6.19	957825	21.5.19 മുതൽ 10.6.19വരെയുള്ള കുടിവെള്ളം വിതരണംചെയ്തതിന്.
4	21900307തി 12.7.19	561924	23.6.19 മുതൽ 10.7.19 വരെ കുടിവെള്ളം വിതരണംചെയ്തതിന്
5	21900031 തീ 8.4.19	514008	ബിൽ രജിസ്റ്റർ പ്രകാരം തുക നൽകിയിട്ടുണ്ട്. വൗച്ചർ ഹാജരാക്കിയിട്ടില്ല.
6	21901295 തീ 31.3.20	538960	7.3.20 മുതൽ 26.3.20 വരെ കുടിവെള്ളം വിതരണംചെയ്തതിന്
		4468527	

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയത്തിൽ വിശദീകരണം/രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം 2/4.6/22 മുഖേന ആവശ്യപ്പെട്ടിരുന്നു.

1) ക്രമനമ്പർ 1,2 എന്നിവയുടെ വൗച്ചർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) ഉത്തരവുപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കു 1.4.19 മുതൽ 31.5.19വരെ ചെലവഴിക്കാവുന്ന പരമാവധി തുക 11 ലക്ഷമാണ്. ലഭ്യമായ രേഖകൾ പ്രകാരം 11 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. 31.5.19 ന് ശേഷവും കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3)കുടിവെള്ള വിതരണം നടത്തുന്നതിനാവശ്യമായ വെള്ളം എവിടെനിന്നാണ് ശേഖരിച്ച് വിതരണം ചെയ്യേണ്ടതെന്ന് പഞ്ചായത്ത് നിർണയിച്ചു നൽകിയിട്ടില്ല. എവിടെ നിന്നാണ് വെള്ളം ശേഖരിച്ച് വിതരണം ചെയ്തതെന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4)വിതരണംചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി കേരള വാട്ടർ അതോറിറ്റി, സർക്കാർലാബ്, ഭക്ഷ്യസുരക്ഷാവകുപ്പ് എന്നിവിടങ്ങളിലെവിടെയെങ്കിലും പരിശോധിച്ച് ഉറപ്പുവരുത്തിയുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5) ജലവിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവു ചെയ്തതല്ലാതെ ആയത് പ്രൊജക്ടായി

ഉൾപ്പെടുത്തി അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടില്ല.

6) വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്.

7) GPS ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയ ശേഷമായിരിക്കണം സെക്രട്ടറിമാർ തുക അനുവദിക്കേണ്ടത്. ആയത് ചെയ്തതിന്റെ സാക്ഷ്യപത്രം ഇല്ല.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോ രേഖകളോ ഹാജരാക്കാത്തിനാൽ ഈയിനത്തിൽ ചെലവഴിച്ച ആകെ തുകയായ 4468527 രൂപ തടസ്സപ്പെടുത്തുന്നു

1-22 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത-നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(സാധാ)നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി ഭീമമായ തുകയാണ് ഓരോവർഷവും ചെലവഴിക്കുന്നത്.

ഓഡിറ്റ് വർഷങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിനായി തനത് ഫണ്ടിൽനിന്നും ചെലവ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

ഇനം	2019-20
വൈദ്യുതി ചാർജ്	1388288
മെയിന്റനൻസ് ചെലവ്	2142577
പമ്പ് ഓപ്പറേറ്റർമാരുടെ വേതനം	1814400
ആകെ	5345265

പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ വളരെ പരിമിതമായതിനാൽ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന് ബാദ്ധ്യത സൃഷ്ടിക്കുന്നുണ്ട്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 6/4.6.22) മറുപടിയൊന്നും സമർപ്പിച്ചിട്ടില്ല.

കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ചുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ

1.കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുബങ്ങളെയും ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്.

2.പൊതുടാപ്പുകൾ മാത്രമുള്ള പദ്ധതികളിൽ ഹൗസ് കണക്ഷൻ പ്രോൽസാഹിപ്പിക്കേണ്ടതും പൊതുടാപ്പുകളെ ഒഴിവാക്കേണ്ടതുമാണ്.

3. ഹൗസ് കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും പ്രയോജനം ലഭിക്കുന്ന വിധം പദ്ധതി അവിഷ്കരിക്കേണ്ടതാണ്.

4. ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് പ്രത്യേക പ്രോജക്ട് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്.

1-23 പഞ്ചായത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ദിവസ വേതനക്കാരെ നിയമിക്കുന്നു.

പഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ 8 പമ്പ് ഓപ്പറേറ്റർമാർ, 5ക്ലീനിങ് സ്റ്റാഫ്,ക്ലറിക്കൽ ജീവനക്കാർ,ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, നൈറ്റ് വാച്ച്മാൻ,ഓവർസിയർ, വാട്ടർ ചാർജ്ജ് കളക്ടർ, നൈറ്റ് വാച്ച്മാൻ, പി.ടി.എസ്, പാർട്ട് ടൈ ലൈബ്രേറിയൻ എന്നീ തസ്തികകളിൽ 2019-20 ൽ തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. തനത് ഫണ്ട് രേഖകൾ പരിശോധിച്ചതിൽ ഇവർക്ക് 4/2019 മുതൽ 3/2020 വരെയാണ് വിവിധ തസ്തികകളിൽ ദിവസ വേതനം നൽകിയിട്ടുള്ളത്. വാർഷികകണക്കുകൾ പ്രകാരം 4756065 രൂപ ദിവസ വേതന ജീവനക്കാരുടെ വേതനമായി

നൽകിയിട്ടുണ്ട്.
സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം താത്കാലിക നിയമനം നടത്തേണ്ടതാണ്. നിലവിൽ, താത്കാലിക നിയമനത്തിനായുള്ള മാനദണ്ഡം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള കരാർ/ദിവസ വേതന നിയമനക്കാർക്കുള്ള വേതനം നൽകുന്നതിനുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(അച്ചടി)നം.89/2019/ധന തിയതി 9-7-2019 പ്രകാരം ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം പുതുക്കുകയും പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസ വേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിക്ക് പുറത്ത് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികകളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (നം 7/4.6.22)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ ഉത്തരവ് പാലിച്ച് ജീവനക്കാരെ നിയമിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

ഗ്രഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽനിന്ന് ജിഎസ്സ്.റ്റി അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/4.6.22) മറുപടിയൊന്നും നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിനാൽ കൈപ്പറ്റിയ മുഴുവൻ തുകയ്ക്കും ബാധകമായ ജി.എസ്.ടി കരാറുകാരൻ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് ആവശ്യമായ രേഖകൾ ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ തുക 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന സാഹചര്യങ്ങളിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- ആശ്രയ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല

2019-20 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ	പ്രൊജക്ട്	അടങ്കൽ	ചെലവ്	
268	ബഡ്സ് സ്കൂൾ പ്രവർത്തനം	326129 (50000-Plan Gen,	253419 (36518-Plan Gen, 216901-	6/16.7.19-Rs 12453 8/6.9.19-

		276129-State)	State)	Rs 2865
				11/11.10.19 - 21200
280	കുടിവെള്ള ടാങ്ക് വിതരണം (SCP)	200000 (80000-Plan Gen, 80000-Plan Scp,40000-BC)	138770 (59120-Plan Gen, 79650-Plan Scp)	1/7.8.19 -Rs 59120
				3/7.8.19-Rs 79650
33	ബഡ്സ് സ്കൂൾ പ്രവർത്തനം	750000 (240000-Plan Gen, 510000-Own)	239745 Plan Gen)	4/20.8.19-Rs 89500
				5/20.8.19-Rs 20345
				7/6.9.19-Rs 71500
				12/11.10.19-Rs 58400
279	PVC വാട്ടർ ടാങ്ക് വാങ്ങി നൽകൽ	800000 (80000-Plan TSP, 200000-BC)	598260(Plan TSP)	2/7.8.19
Total			1230194	

മേൽ പറഞ്ഞ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (14/07.06.2022) ക്ക് മറുപടിയോ രേഖകളോ ലഭ്യമായില്ല. ആകയാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക 1230194 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-26 ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല

2019-20 വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ	പ്രൊജക്ട്	അടങ്കൽ	ചെലവ്	ബിൽ നമ്പർ
238	ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന് സബ്സിഡി	95812 (Plan-Gen)	95812 (Plan-Gen)	1/16.5.19 - Rs 29586
				2/16.5.19-Rs 66226

മേൽ പറഞ്ഞ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (15/07.06.2022) ക്ക് മറുപടി ലഭ്യമായില്ല. ആകയാൽ ചെലവ് രേഖകൾ

പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക 95812 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-27 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫോം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി. മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

ക്രമ നം.	പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി	ടെണ്ടർ അംഗീകരിച്ച തീയതി	സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി	എഗ്രിമെന്റ് തീയതി, കരാറുകാരൻ	ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹	ഈടാക്കിയത് ₹	ബാക്കി ഈടാക്കേണ്ടത് ₹
1.	327/20- ചിറ്റൂർ കുടിവെള്ള പദ്ധതി 684815 ബിൽ നം.-44/29-7-2019-674349/-	22-1-19	16-2-2019	65/AE/LSGD/AGP/6-3-2019 ഹംസ. കെ	6848	0	6848
2	305/20- കക്കുപ്പടി സ്കൂളിൽ അടുക്കള പുനരുദ്ധാരണം 270156 ബിൽ നം.-46/7-9-2019-267981/-	10-1-19	15-1-2019	62/AE/LSGD/AGP/28-2-2019 സരസൻ. കെ.	2702	0	2702
3	342/20- കോട്ടത്തറ ഗ്രാമീണ ചന്ത ടോയിലെറ്റ് അനുബന്ധ പ്രവൃത്തികൾ 494891	10-1-19	15-1-2019	58/AE/LSGD/AGP/19-2-2019	4948	0	4948

	43/29-7-19, 494745രൂ.						
ആകെ							14498

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/8-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ കുറവ് സംഭവിച്ച തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-28 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less . The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാന്വലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

Period	Rate Of Fine
First Extension	1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000
Beyond First Extension	2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചത് ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പരും പേരും: SO - 222/20- . അഗളി ഊര് വൃദ്ധ വിശ്രമ കേന്ദ്രം

അടങ്കൽ: – 1095000, ഫണ്ടിനം: വികസന ഫണ്ട്(ടി.എസ്.പി)

ചെലവ്: 824455/-, ബിൽ നം. 9/2-5-2019- 484017/-രൂ.

ബിൽ നം. 111/13-3-2020- 340438/-രൂ.

കരാർ നം.36/AE/LSGD/AGP/15-12-2018, -(PAC): 1083185, കരാറുകാരൻ: ഷാജി.കെ.കളപ്പുരയ്ക്കൽ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 14-5-2019

സ്ഥലം കൈമാറിയ തീയ്യതി. 15-12-2018

പൂർത്തീകരിച്ച തീയ്യതി: 26-7-2019 , അളവു പുസ്തകം: MB No. 312/18-19

ആകെ പ്രവൃത്തി മൂല്യം: 824455

5 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ 2020 ജനുവരി വരെ സമയം ദീർഘിപ്പിച്ച് നൽകണമെന്ന് കരാറുകാരൻ അപേക്ഷ നൽകുകയും ആയത് ഭരണസമിത അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിഴ ഒഴിവാക്കണമെന്ന് കരാറുകാരൻ അപേക്ഷിക്കുകയോ ഭരണസമിത അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നേകാൽ മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 10832 (PACയുടെ 1%)

രണ്ടാമത്തെ ഒന്നേകാല് മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 21664 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 32496

ഈടാക്കിയത്: -3404

ഈടാക്കിയതിൽ കുറവ്: 29092

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/19-20/8-6-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കിയതിൽ കുറവ് സംഭവിച്ച തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-29 കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു

പദ്ധതി മാർഗരേഖയനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും തങ്ങളുടെ അധികാര പരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിലാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായി തന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചുവരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

1-30 മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.

സ.ഉ (എം.എസ്) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖ,സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്,

ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്) എന്നിവയെല്ലാം പ്രോജക്ട് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പല ഫയലുകളിലും താഴെപ്പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്	അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്	സൈറ്റ് മാപ്പ്	മോണിറ്ററിംഗ് റിപ്പോർട്ട്	ഫീസിബിലിറ്റി റിപ്പോർട്ട്.	എസ്റ്റിമേറ്റ് റിപ്പോർട്ട്
	SO - 222/20- . അഗളി ഊര് വൃദ്ധ വിശ്രമ കേന്ദ്രം	ഇല്ല	ഇല്ല	ഇല്ല	N .A	ഇല്ല
	SO327/20- ചിറ്റൂർ കുടിവെള്ള പദ്ധതി	ഇല്ല	ഇല്ല	ഇല്ല	N.A	ഇല്ല
	SO305/20- കക്കുപ്പടി സ്കൂളിൽ അടുക്കള പുനരുദ്ധാരണം	ഇല്ല	ഇല്ല	ഇല്ല	N.A	ഇല്ല
	SO342/20- കോട്ടത്തറ ഗ്രാമീണ ചന്ത ടോയിലെറ്റ് അനുബന്ധ പ്രവൃത്തികൾ	ഇല്ല	ഇല്ല	ഇല്ല	N.A	ഇല്ല

പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകളിൽ ഏത് തീയ്യതി വരെ പൂർത്തീകരണത്തീയ്യതി നീട്ടി ലഭിക്കണം എന്ന് കരാറുകാർ സൂചിപ്പിക്കുന്നില്ല.

ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയിരിക്കുന്നത് മൂലം പദ്ധതികളുടെ ഫലപ്രാപ്തി, സുതാര്യത, അവശ്യ മേഖലകളിൽ മാത്രം ചെലവഴിക്കൽ എന്നിവയെ സാരമായി ബാധിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2019-2020 വർഷത്തെ AFS 01-06-2022 നും 09.06.2022 നും ഇടയിൽ പരിശോധിച്ചു. ആയത് അനുബന്ധം 1ആയി ചേർത്തിട്ടുണ്ട്.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	മുൻബാക്കി	തൻവർഷം ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	313201	6499	ഭവനനിർമാണം (എസ്.സി.പി) (ലൈഫ്)	319700	0
	4948000	3398505	ഭവനനിർമാണം (ജനറൽ)(ലൈഫ്)	0	8346505
		500000	എ.പി.ജെ.കോളനി കുടിവെള്ള പദ്ധതി	0	500000
		800000	കക്കുപ്പടി സ്കൂളിന് സ്ഥലം വാങ്ങൽ	800000	0
		785114	ഭവനനിർമാണം (എസ്.സി.പി) (ലൈഫ്)	780000	5114
		700000	ഓപ്പെട്ടി ചെക്ക് ഡാം പുനരുദ്ധാരണം	694173	5827
		3057366	ഭവനനിർമാണം (ജനറൽ)(ലൈഫ്)	2620000	437366
		600000	അഗളി ഊർ ഡ്രൈനേജ് നിർമാണം	0	600000
		500000	ഭ്രതിവഴി ഊര് ഡ്രൈനേജ് നിർമാണം	0	500000
	40000	260000	വനിതകൾക്ക് പെണ്ണാട് (പട്ടികവർഗം)	0	300000
ആകെ	5301201	10607484		5213873	10694812 *
ജില്ലാ പഞ്ചായത്ത്		300000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകൽ	0	300000

		10024307	ഭവനനിർമാണം (എസ്.സി.പി) (ലൈഫ്)	1570000	8454307
		1400300	ഭവനനിർമാണം (ടി.എസ്.പി) (ലൈഫ്)	0	1400300
	2570879	-	ഭവനനിർമാണം (എസ്.സി.പി) (ലൈഫ്)	2560000	10879
		2054547	ഭവനനിർമാണം (ടി.എസ്.പി) (ലൈഫ്)	130000	1924547
	812016	1522831	ഭവനനിർമാണം (ജനറൽ)(ലൈഫ്)	2320000	14847
ആകെ	3382895	15301985		6580000	12104880**

* ഗ്രാമപഞ്ചായത്തിലെ കണക്കുകളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ തുകകളുടെ കണക്കുകളും നീക്കിബാക്കി നിൽക്കുന്ന തുകകളും AFS ലെ Balance Sheet ലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സംയുക്ത ഫണ്ടുകളുടെ വിവരം സൂക്ഷിക്കുന്ന റജിസ്റ്റർ അപൂർണമായതിനാൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്താൻ സാധിക്കുന്നില്ല .

** ഗ്രാമപഞ്ചായത്തിലെ കണക്കുകളിൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വരവുകളും നീക്കിയിരുപ്പുകളും AFS ലെ Balance Sheet ലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല . സംയുക്ത ഫണ്ടുകളുടെ വിവരം സൂക്ഷിക്കുന്ന റജിസ്റ്റർ അപൂർണമായതിനാൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്താൻ സാധിക്കുന്നില്ല. സംയുക്ത ഫണ്ടുകൾ സംബന്ധിച്ച് AFS പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഫണ്ടിനം	ഒ.ബി	അലോട്ട്മെന്റ് /വരവ്	ആകെ	ചെലവ്	സി.ബി
സംയുക്ത പ്രോജക്ടുകൾ (ബ്ലോക്ക് പഞ്ചായത്ത്)	5301201	10066505	15367706	3719700	11648006
	0	1300000	1300000	800000	500000
സംയുക്ത പ്രോജക്ടുകൾ (ജില്ലാ പഞ്ചായത്ത്)	3382895	16910724	20293619	6960000	13333619

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾ

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ സെക്ഷൻ, അഗളിയിലേക്ക് കൈമാറിയ തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ടിന്റെ പേര്	അടങ്കൽ	ചെക്ക് നമ്പർ /തിയതി	തുക
260/20	70000	1849127/30.07.2019	69981

ശ്രീകൃഷ്ണപുരം രാമകൃഷ്ണൻ പ്രദേശം 11 കെ.വി. ലൈൻ മാറ്റൽ	തനതു ഫണ്ട്		

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 60030000രൂ. വരവുണ്ട്. മുൻബാക്കി 2801892(ലോണിൽ ബാക്കി നിൽക്കുന്ന തുക) രൂപയടക്കം 62831892ൽ 61470000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് മിഷൻ	വ്യക്തമല്ല. (ലോൺ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല)	60030000	69981892	10554833		119457059

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ തൻവർഷം ലഭിച്ച 58953 രൂപയുടെ വിശദാംശ ങ്ങൾ ലഭ്യമായിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-2000	2-5	2004-05	3.9.1.4.1	നിർവ്വഹണ ചെലവ്-പരിധി പാലിച്ചില്ല	സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല
1999-2000	2-18	2004-05	3.9.1.4.2	1.86 കോടി രൂപയുടെ ചെലവ്	സമിതിയുടെ അന്തിമ തീർപ്പ്

				രേഖയില്ല	ആയിട്ടില്ല
2000-01	17		3.9.1.4.2		
2001-02	7		3.9.1.4.2		
1999-2000	2-17	2004-05	3.9.1.4.3	ജലവിതരണ പദ്ധതി-കിണർ ചവറുനിക്ഷേപ കുഴിയായി.	സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല
1999-2000	2-14 14എ	2004-05	3.9.1.4.4	നിർവ്വഹണ രേഖയില്ല	സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല
2013-14	3-1	2013-14	3-1	അങ്കണവാടി പോഷകാഹാര വിതരണത്തിലെ ക്രമക്കേടുകൾ (ഓഡിറ്റ് ഇംപാക്ട്)	സമിതി വിഷയം പരിഗണി ച്ചിട്ടില്ല
1997-1998	1 പൊതു അവലോകനം	2001-02	IV. 9. 3 (1)	പൊതു അവലോകനം	സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	തുക (രൂപ)
മുന്നിരിപ്പ്	23420857.57
ഓഡിറ്റ് വർഷത്തെ വരവ്	291910875
ആകെ	315331732.57
ഓഡിറ്റ് വർഷത്തെ ചെലവ്	280943530
നീക്കിയിരിപ്പ്	34388202.57
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	18265603

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	659958	അനിത പി നായർ, ഹെഡ് മാസ്റ്റർ

1-16	594951	അജിത്ത് കുമാർ.കെ.എസ്, സെക്രട്ടറി
1-17	7982811	അജിത്ത് കുമാർ.കെ.എസ്, സെക്രട്ടറി
1-18	784000	അജിത്ത് കുമാർ.കെ.എസ്, സെക്രട്ടറി
1-19	2449350	അജിത്ത് കുമാർ.കെ.എസ്, സെക്രട്ടറി
1-21	4468527	അജിത്ത് കുമാർ.കെ.എസ്, സെക്രട്ടറി
1-25	1230194	ലെജിത്ത്.സി.കെ. അസി.സെക്രട്ടറി
1-26	95812	ഇന്ദു എം.കെ, ഡയറി ഫാം ഇൻസ്ട്രക്ടർ
ആകെ	18265603	

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-27	11796	ബാബു .വി.എം. അസി. എഞ്ചിനീയർ
	2702	മാലിനി.കെ, അസി. എഞ്ചിനീയർ
1-28	29092	നസീഫ് നാസർ, അസി. എഞ്ചിനീയർ
ആകെ	43590	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
അനിത പി നായർ, ഹെഡ് മാസ്റ്റർ	ജി.എൽ.പി.എസ്. അഗളി	ഏലംകുളം, പാലത്തോൾ, പി.ഒ. 679 340
അജിത്ത് കുമാർ.കെ.എസ്,	സെക്രട്ടറി, അഗളി ഗ്രാമ പഞ്ചാത്ത്	കവിതാഴത്ത് വീട്,

സെക്രട്ടറി		രാമമംഗലം, എറണാകുളം ജില്ല
ലെജിത്ത്. സി.കെ. അസി.സെക്രട്ടറി	സെക്രട്ടറി, ഇൻചാർജ്ജ്, അഗളി ഗ്രാമ പഞ്ചായത്ത്	ലക്ഷ്യ, പാരിപ്പള്ളി, കൊല്ലം
ഇന്ദു എം.കെ, ഡയറി ഫാം ഇന്സ്ട്രക്ടർ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	മുല്ലവാതുക്കൽ ഹൗസ് കൈത്താരം P.O കോതക്കുളം നോർത്ത് പറവൂർ എറണാകുളം
ബാബു .വി.എം. അസി. എഞ്ചിനീയർ	അസി. എഞ്ചിനീയർ	കൃഷ്ണ വിലാസ്, വടകോട്ടത്തറ, കോട്ടത്തറ പി.ഒ.
മാലിനി.കെ, അസി. എഞ്ചിനീയർ	അസി. എഞ്ചിനീയർ	നെടുങ്ങണ്ടൂർ ഹൗസ്, ഷൊർണ്ണൂർ, പാലക്കാട്
നസീഫ് നാസർ, അസി. എഞ്ചിനീയർ	അസി. എഞ്ചിനീയർ	കല്ലേക്കുളങ്ങര പി.ഒ. പാലക്കാട്

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
1996-97	LFP12-467/03/3-7-2003	ഫർദർ റിമാർക്സ്
1997-98	LFP12-505/03/5-7-2003	ഫർദർ റിമാർക്സ്
1998-99	LF P 12-999/05/15-2-2006	ഫർദർ റിമാർക്സ്
1999-00	LFP 12-1683/ 07/21.1.08	ഫർദർ റിമാർക്സ്
2000-01	LF P12-1684/07/21.1.08	ഫർദർ റിമാർക്സ്
2001-02	LF P12-80/ 09/18.08.09	ഫർദർ റിമാർക്സ്
2002-03	LF P12-81/09/26-6-2009	ഫർദർ റിമാർക്സ്
2003-04	LF P17-228/10/22-9-2010	ഫർദർ

		റിമാർക്സ്
2004-05	LF P17-1460/10/16-8-2010	ഫർദർ റിമാർക്സ്
2005-06	LF P17-567/10/27.10.10	ഫർദർ റിമാർക്സ്
2006-07	LF P12-85/10/27.10.10	ഫർദർ റിമാർക്സ്
2007-08	LFP17-1202/10/14-7-11	ഫർദർ റിമാർക്സ്
2008-09	LFP17/1203/10/14-7-11	ഫർദർ റിമാർക്സ്
2009-10	LFP17/748/12/03-07-2012	ഫർദർ റിമാർക്സ്
2010-11	LFP17/1436/13/06-11-13	ഫർദർ റിമാർക്സ്
2011-12	LFP17/232/14/07-03-14	ഫർദർ റിമാർക്സ്
2012-13	L F P 17/390/15/ 18-05-15	ഫർദർ റിമാർക്സ്
2013-14& 2014-15	കെ.എസ്.എ-പി.കെ.ഡി119/1365/2016 തീയതി.03-08-2016	ഫർദർ റിമാർക്സ്
2015-16	കെ.എസ്.എ-പി.കെ.ഡി124/2146/2016 തീയതി.18-01-2017	ഫർദർ റിമാർക്സ്
2016-17	കെ.എസ്.എ-പി.കെ.ഡി124/2007/2017 തീയതി.01-01-2017	ഫർദർ റിമാർക്സ്
2017-18	കെ.എസ്.എ-പി.കെ.ഡി124/454A/2019 തീയതി.12-4-2019	ഫർദർ റിമാർക്സ്
2018-19	കെ.എസ്.എ-പി.കെ.ഡി124/144/21 തീയതി. 8-4-2021	ഫർദർ റിമാർക്സ്

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

വാർഷിക കണക്കുകളുടെ സംക്ഷിപ്തം

	Agali Grama Panchayat BALANCE SHEET		
	For the period from 01-April-2019 to 31-March-2020		
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	-23836375.43
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	178537041.00
	Total Reserve & Surplus		154700665.57
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	41388904.00
	Total Grants, Contributions for Specific Purposes		41388904.00
	Loans		
330000000	Secured Loans	B-5	119457059.00
	Total Loans		119457059.00
	Current Liabilities & Provisions		
340000000	Deposits Received	B-7	588963.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	3515206.00

	Total Current Liabilities and Provisions		4104169.00
	TOTAL LIABILITIES		319650797.57
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	220312405.00
411000000	Accumulated Depreciation	B-11	-61128190.00
412000000	Capital Work in Progress	B-11(a)	0.0
	Total Fixed Assets		159184215.00
	Investments		
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	9445028.00
440000000	Pre-paid Expenses	B-16	114377059.00
450000000	Cash and Bank Balance	B-17	34388202.57
460000000	Loans, Advances and Deposits	B-18	2256293.00
	Total Current Assets, Loans and Advances	160466582.57	
	Other Assets		
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS	319650797.57	

ഡെപ്യൂട്ടി ഡയറക്ടർ

	Agali Grama Panchayat INCOME & EXPENDITURE STATEMENT		
	For the period from 01-April-2019 to 31-March-2020		
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	6252606.00
130000000	Rental Income from Panchayat / Municipal Properties	I-3	1073390.00
140000000	Fee & User Charges	I-4(b)	3679580.00
150000000	Sale & Hire Charges	I-5(b)	762801.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	318482850.00
171000000	Interest Earned	I-8	175512.00
180000000	Other Income	I-9	61041.00
	Total Income		330487780.00
	EXPENDITURE		
210000000	Establishment Expenses	I-10(b)	16249341.00
220000000	Administrative Expenses	I-11(b)	2884150.00
230000000	Operations & Maintenance	I-12(b)	14024374.00
240000000	Interest & Finance Charges	I-13	6514.00
250000000	Decentralised Plan Programme-Productive Sector /	I-14	3731667.00

	Programme Expenses		
251000000	Decentralised Plan Programme-Service Sector	I-14(a)	252967026.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	3276386.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	4833937.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	29065260.00
255000000	Maintenance Projects	I-14(e)	15392232.00
256000000	Other Revenue Grants and Funds - Revenue Expenses	I-15(a)	1214929.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	155475.00
272000000	Depreciation	I-17(a)	13508351.00
	Total Expenditure		357309642.00
	Gross Surplus/ Deficit of income over Expenditure		-26821862.00
280000000	Prior Period Item	I-18	1828289.00
	Gross Surplus/Deficit of Income over Expenditure		-28650151.00

	after prior period items.		
290000000	Transfer to Reserve Funds	I-18(a)	0.0

ഡെപ്യൂട്ടി ഡയറക്ടർ

	Agali Grama Panchayat RECEIPT & PAYMENT STATEMENT		
	For the period from 01-April-2019 to 31-March-2020		
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	23263495.57
Cash	Cash	RP-40(a)	157362.00
	Operating		
110000000	Tax Revenue	RP-1	2696045.00
130000000	Rental income from Panchayat Properties	RP-3	566010.00
140000000	Fees & User Charges	RP-4	1281830.00
150000000	Sale & Hire Charges	RP-5	762801.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	91107251.00
171000000	Interest Earned	RP-9	175512.00
320000000	Grants, Funds & Contributions for Specific Purposes	RP-31	99191868.00
350000000	Other Liabilities	RP-36	27336123.00
	Non Operating		
180000000	Other Income	RP-10	61012.00
330000000	Secured Loans	RP-32	60030000.00
340000000	Deposits Received	RP-34	694020.00
350000000	Other Liabilities	RP-36	552102.00
431000000	Sundry Debtors (Receivables)	RP-43	5455470.00
440000000	Pre-paid Expenses	RP-45	0.0
460000000	Loans, Advances	RP-47	2000831.00

	and Deposits		
	Grand total		315331732.57
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	8129848.00
220000000	Administrative Expenses	RP-12	2767160.00
230000000	Operations & Maintenance	RP-13	14024374.00
250000000	Decentralised Plan Programme-Productive Sector	RP-15	3039819.00
251000000	Decentralised Plan Programme-Service Sector	RP-16	102395002.00
252000000	Decentralised Plan Programme-Infrastructure Sector	RP-17	3691971.00
253000000	Decentralised Plan Programme-Projects not included in Sector Division	RP-18	4833937.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	11760.00
255000000	Maintenance Projects	RP-20	15392232.00
256000000	Other Revenue Grants and Funds - Revenue Expenses	RP-21	1214929.00
260000000	Grants, Contributions and Compensations from Own Fund	RP-22	155475.00
280000000	Prior Period item	RP-26	-2300.00

320000000	Grants, Funds & Contributions for Specific Purposes	RP-31	55000.00
350000000	Other Liabilities	RP-36	32430573.00
	Non Operating		
240000000	Interest & Finance Charges	RP-14	6514.00
280000000	Prior Period Item	RP-26	-8100.00
330000000	Secured Loans	RP-32	954438.00
340000000	Deposits Received	RP-34	960797.00
350000000	Other Liabilities	RP-36	2115678.00
410000000	Fixed Assets	RP-38	29641315.00
411000000	Accumulated Depreciation	RP-39	0.0
412000000	Capital work in Progress	RP-40	1856228.00
440000000	Pre-paid Expenses	RP-45	54250000.00
460000000	Loans, Advances and Deposits	RP-47	3026880.00
	Closing Balance		
Bank	Bank	RP-40(b)	34385783.57
Cash	Cash	RP-40(b)	2419.00
	Grand Total		315331732.57

ഡെപ്യൂട്ടി ഡയറക്ടർ